ഓട്ടംതുള്ളൽ

# ഉപദേശി


## ജോസ് ചെരിപുറം

josecheripuram@gmail.com




കവലയിലെത്തും ബൈബിളുമായി
നിത്യം സുവിശേഷകർ പലരും
വയറു നിറയ്ക്കാൻ വചനം വിറ്റവർ
അപ്പം കൊണ്ട് കഴിഞ്ഞീടുന്നു
അവരിൽ കുടവയറുള്ളൊരു കുള്ളൻ
ഉപദേശിക്കൊരു പ്രാർഥനയുണ്ട്
വിൽക്കാനുണ്ട് ഇത്തിരി ഭൂമി
സ്വർഗ്ഗത്തിലാണുടമസ്ഥന്മാർ
പലരും കേട്ടത് വില പേശുന്നു
വിലയിൽ ഇളവില്ലെന്നുപദേസി
നിങ്ങൾക്കുള്ളത് നൽകുകെനിക്ക്
എങ്കിൽ ഭൂമി കച്ചോടാക്കാം
വിലയിൽ കുറവില്ലതുപോലെൻെറ
കമ്മീഷനിലും കുറവില്ലല്ലൊ
ചത്താൽ നരകം പൂകും നിങ്ങൾ
പാപം ചെയ്ത് കഴിയുന്നവരെ
സമയം കളയാനില്ലതിനാലെ വാങ്ങൂ
ഭൂമി, നേടുക  പുണ്യം
സ്വർഗത്തിലുള്ളൊരു ഭൂമിക്കെന്തിനു
ഭൂമിയിൽ നമ്മൾ വില നൽകേണം
ചത്തു കഴിഞ്ഞാലെവിടെ  പോകുന്നെ-
ന്നാർക്കറിയാം എൻ പൊന്നുപദേശി
പലരും കാശാൽ കൈ മാറുന്നാ ഭൂമി
ക്കെന്തോ രേഖകളില്ല
തയ്യാറായി ഞാനും ചെന്നു -വാങ്ങാം
പക്ഷെ രേഖകൾ വേണം
രേഖകളൊക്കെ അവിടെ ചെന്നാൽ
ഇവിടെ പ്രാർഥിച്ചീടുക നിത്യം
കൂടെ നിന്നവർ ഒക്കെ കൂടി
അന്വേഷിച്ചാ ദാസനെ പറ്റി
വചനം വിറ്റു നടക്കുന്നവനൊരു
തട്ടിപ്പിൽ പ്രതി മറ്റൊരു നാട്ടിൽ
അവിടെ കൂറ്റൻ മാളികയൊന്നു
പണി തീരാതെ നില കൊള്ളുന്നു
ഉപദേശിക്കത് തീർക്കാൻ വേണം
പണമതിനായീ ഉപദേശ പണി

********